പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 1146

12.06.2014 ൽ
മറുപടിക്ക്

## പത്തനം തിട്ട ജില്ലയിലെ നദികളിൽ നിന്നുള്ള മണൽ ഖനനം.

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം : | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പത്തനംതിട്ട ജില്ലയിലെ നദികളിൽ നിന്ന് മണൽ ഖനനം ചെയ്യുന്നതിന് നിരോധനം വന്നത് എന്നു മുതൽക്കാണ്; | (എ) | WP(C) 37940/11 നമ്പർ കേസിന്റെ 22.02.2011 തീയതിയിലെ വിധിന്യായത്തിലാണ് പത്തനംതിട്ട ജില്ലയിലെ മണൽ ഖനനം തടഞ്ഞുകൊണ്ട് ബഹു.ഹൈക്കോടതി ഉത്തരവായിട്ടുള്ളത്. |
| (ബി) | മണൽ ഖനനം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും നിബന്ധനകൾ ഉത്തരവിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; അവ വിശദമാക്കാമോ ; | (ബി) | പത്തനംതിട്ട ജില്ലയിലെ നദികളിൽ മണൽ ഓഡിറ്റ് നടത്തിയതിനുശേഷം മണൽ ഖനനം നടത്താവൂ എന്ന് ബഹു.കേരള ഹൈക്കോടതിയുടെ 22.02.2011 ലെ WP(C) 37940/11 നമ്പർ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ നദികളിലാണ് സാൻഡ് ആഡിറ്റിംഗ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് ; സാൻഡ് ആഡിറ്റിംഗ് പൂർത്തീകരിച്ച നദികളിൽ മണൽ ഖനനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; ഏതെങ്കിലും നദികളിൽ നിന്നും ഖനനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (സി) | പത്തനംതിട്ട ജില്ലയിലെ മണിമല, പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ മണൽ ഓഡിറ്റിംഗ് നടത്തിയിട്ടുള്ളതാണ്. ഇതിൽ മണിമല, അച്ചൻകോവിൽ എന്നീ നദികളിലെ ഓഡിറ്റിംഗ് പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്. മണിമലയാറ്റിൽ നിന്നും മണൽ ഖനനത്തിനുള്ള അനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളതാണ്. |
| (ഡി) | പമ്പാ നദിയിൽ സാൻഡ് ആഡിറ്റ് നടത്തിയിട്ടുണ്ടോ; ഏത് ഏജൻസിയാണ് സാൻഡ് ആഡിറ്റിംഗ് നടത്തിയത്; എന്നാണ് ഈ ഏജൻസിയെ ഓഡിറ്റിംഗിനായി ചുമതപ്പെടുത്തിയത്; എത്ര നാളുകൾക്കുള്ളിൽ പൂർത്തിയാക്കി റിപ്പോർട്ട് നൽകാനാണ് നിർദ്ദേശിച്ചിരുന്നത്; ഇവർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ഇതിൻമേൽ എന്തൊക്കെ നടപടികളാണ് | (ഡി) | 12.09.2012 ലെ ജി.ഒ.(എം.എസ്) 338/12/റവ. നമ്പർ ഉത്തരവ് പ്രകാരം പമ്പാ നദിയിൽ മണൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. സിഗ്രാഫ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഫ്യൂച്ചർ സ്റ്റഡീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ ;

(ഇ) നിർമ്മാണ മേഖലയുടെ സ്തംഭനത്തിനും ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നതിനും ഇടയാക്കിയ ഈ നിരോധനം പിൻവലിച്ച് പമ്പാ നദിയിൽ മണൽ ഖനനം പുനരാരംഭി ക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ ?

(ഇ) ഓഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തി ന്റെ അനുമതിയോടുകൂടി മണൽ ഖനനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവു ന്നതാണ്.

സെക്ഷൻ ഓഫീസർ